<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43</u> <u>08-06-2021 - ൽ മറുപടിയ്ക്ക്</u>

<u>മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്‌റഫ് | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലഘട്ടത്തിൽ വെന്റിലേറ്റർ ഉൾപ്പെടെ വിവിധ മെഡിക്കൽ ഉപകരണങ്ങൾക്കുണ്ടായ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഇവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലെപ്പ്മെന്റ് കോർപ്പറേഷൻ 2021-22 സാമ്പത്തിക വർഷം വെന്റിലേറ്റർ ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച വിശദമായ പദ്ധതി രൂപ രേഖ കമ്പനി തലത്തിൽ തയ്യാറായി വരുന്നു. വി.എസ്സ്.എസ്സ്.സി./ഐ.എസ്സ്.ആർ.ഒ. യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഓക്സിജൻ കോൺസെൻട്രേറ്ററും ഡിബൽ/ഡി.ആർ.ഡി.ഒ യുടെ സാങ്കേതിക സഹായത്തോടുകൂടി ഐ.സി.യു. ഗ്രേഡ് വെന്റിലേറ്ററും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ യഥാക്രമം കെൽട്രോൺ മൺവിള യൂണിറ്റിലും കരകുളം യൂണിറ്റിലും പുരോഗമിക്കുകയാണ്. ഓക്സിജൻ കോൺസെൻട്രേറ്റർ ആഗസ്റ്റ് 2021 ലും ഐ.സി.യു. ഗ്രേഡ് വെന്റിലേറ്റർ സി.ഇ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് 2021 നവംബറിലും വിതരണത്തിനെത്തിക്കുവാനാണ് കെൽട്രോൺ ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം കെ.എസ്സ്.ടി.പി. മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിന് വേണ്ടി ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയുമായും വെന്റിലേറ്റർ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോടുമായും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ 23 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലേയ്ക്ക് ജില്ലാപഞ്ചായത്ത് മുഖേന 23 സ്വാബ് കളക്ഷൻ ബൂത്തും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ , ആലപ്പുഴ കളക്ടറേറ്റ് എന്നിവിടങ്ങളിലേയ്ക്ക് U.V. Disinfection booth ഉം നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. വെന്റിലേറ്റർ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ